"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-31-12-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് - തോലാനിക്കാവ് പട്ടികജാതി കോളനിയിൽ പിരായിരി ഗ്രാമപഞ്ചായത്ത് നിർമ്മിക്കുന്ന സാംസ്കാരിക നിലയത്തിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 5 ലക്ഷം രൂപ പിരായിരി ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനുള്ള പാലാക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്റ്റിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.184/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/01/2019

---

പരാമർശം:- 1 സ.ഉ.(സാധാ)നം.2506/2018/ത.സ്വ.ഭ.വ തീയതി 26.09.2018

2 പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.11.2018-ലെ സി.1586/2018 നംബർ കത്ത്

3 31.12.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ 4.25-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പിരായിരി ഗ്രാമപഞ്ചായത്ത് തോലാനിക്കാവ് പട്ടിക ജാതി കോളനിയിൽ നിർമ്മിക്കുന്ന സാംസ്കാരിക നിലയത്തിന് 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകാൻ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയ്ക്ക് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരുന്നു. 05.09.2018-ൽ ചേർന്ന കോഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിഗണിച്ചെങ്കിലും ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ സാംസ്കാരിക നിലയം നിർമ്മിക്കാൻ അനുമതി നൽകാൻ തീരുമാനമെടുക്കുകയും തദനുസരണം അനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ പിരിയാരി ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറാൻ കഴിയുന്ന വിധം ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് പരാമർശം(2) പ്രകാരം പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

2. 31.12.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി മേൽ വിഷയം പരിഗണിക്കുകയും 05.09.2018-ലെ തീരുമാനത്തിൽ ഭേദഗതി വരുത്തി, പിരിയാരി ഗ്രാമപഞ്ചായത്തിന് തുക കൈമാറാൻ പരാമർശം(3) പ്രകാരം പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്

അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം(3)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പിരായിരി ഗ്രാമപഞ്ചായത്തിലെ തോലാനിക്കാവ് പട്ടികജാതി കോളനിയിൽ ഗ്രാമപഞ്ചായത്ത് നിർമ്മിക്കുന്ന സാംസ്കാരിക നിലയത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 5,00,000/-രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) പിരായിരി ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനുള്ള പ്രോജക്റ്റിന് (നം.29/19) അനുമതി നൽകി ഉത്തരവാകുന്നു.

4. പരാമർശം(1) ഉത്തരവ് മേൽ പറയും പ്രകാരം ഭേദഗതി ചെയ്യും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോള് എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

ജില്ലാ കലക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി,പാലക്കാട്

സെക്രട്ടറി, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2019.01.29 10:45:12 IST
Reason: Approved
സെക്ഷൻ ഓഫീസർ